**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2272** | **14-10-2024 - ൽ മറുപടിയ്ക്ക്**

**പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ടി. സിദ്ദിഖ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഫോട്ടോ സഹിതം പരാതി അറിയിക്കാൻ പ്രത്യേക വാട്സാപ്പ് നമ്പർ നിലവിൽ വന്നിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;</td><td>(എ)</td><td>ഉണ്ട്. പൊതുജനങ്ങൾക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനായി ഒരു സിംഗിൾ വാട്സ്ആപ് സംവിധാനം(9446700800) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ ചുവടെ പറയുന്ന നിയമലംഘന കാര്യങ്ങൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.<ul><li>GVP റിപ്പോർട്ടിങ് സംവിധാനം - പൊതു ഇടങ്ങളിലെ മാലിന്യക്കൂനകൾ.</li><li>ഇൻഫൊർമെന്റ് റിവാർഡ് സംവിധാനം - മാലിന്യം വലിച്ചെറിയുക, ദ്രവമാലിന്യം ജലസ്രോതസ്സുകളിലേക്കോ, ഓടകളിലേക്കോ പൊതു ഇടങ്ങളിലേക്കോ ഒഴുക്കി വിടുക</li><li>ഇങ്ങനെ ലഭിക്കുന്ന പരാതികൾ കൃത്യമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് ലൊക്കേഷൻ വിശദാംശങ്ങൾ ഉൾപ്പെടെ ഓൺലൈൻ ആയി ലഭ്യമാക്കുക</li><li>ശേഷം തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ അവർ തിരികെ റിപ്പോർട്ട് ചെയ്യുക.</li><li>പ്രസ്തുത വിവരം വാട്ട്സ് ആപ്പ്/ ഇമെയിൽ / SMS ആയി പരാതി അറിയിച്ച ആളിന് മറുപടി നല്കുന്നതിനുള്ള സൗകര്യം.</li><li>ഇൻഫോർമെന്റ് റിവാർഡ് നൽകി കഴിയുമ്പോൾ ആയതിന്റെ ബാങ്ക് വിശദാംശങ്ങൾ അടക്കം തദ്ദേശ സ്ഥാപനങ്ങൾക്ക് ആയത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യം.</li></ul></td></tr>
</table>

| | | | |
|---|---|---|---|
| (ബി) | പ്രത്യേക നമ്പർ നിലവിൽ വന്ന ശേഷം എത്ര പരാതികളാണ് തെളിവായി ചിത്രങ്ങൾ സഹിതം ലഭിച്ചത്; പരാതിക്കാരിൽ എത്ര പേർക്ക് പാരിതോഷികം നൽകി; എത്ര തുകയാണ് ഓരോരുത്തർക്കും നൽകിയത്; വ്യക്തമാക്കാമോ; | (ബി) | വാട്സ് ആപ് സംവിധാനം നിലവിൽ വന്ന ശേഷം സംസ്ഥാനത്തൊട്ടാകെ ഇതുവരെ 929 പരാതികൾ ലഭിച്ചതിൽ 406 പരാതികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുകയും സ്വീകരിച്ച പരാതികളിൽ 128 പരാതികൾ തീർപ്പാക്കിയിട്ടുമുണ്ട്. ഈ കാര്യങ്ങളിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ഒരു കണ്ട്രോൾ റൂം സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഓരോ തദ്ദേശ സ്ഥാപനങ്ങൾക്കും പ്രത്യേക വാട്സാപ്പ് നമ്പർ ഉണ്ടായിരുന്ന കാലയളവിൽ എത്ര പരാതികളാണ് ഈ യജ്ഞത്തിൽ ലഭിച്ചത്; ഇതിൽ എത്ര പേർക്ക് പാരിതോഷികം നൽകി; എത്ര തുകയാണ് നാളിതുവരെ പാരിതോഷികമായി നൽകിയത്; വിശദമാക്കാമോ; | (സി) | വാർ റൂം പോർട്ടൽ പ്രകാരം ലഭിച്ച 1032 പരാതികളുടെ അടിസ്ഥാനത്തിൽ 418 പേർക്ക് 8,21,520/- രൂപ പാരിതോഷികം നൽകിയിട്ടുണ്ട് |
| (ഡി) | പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ എത്ര തദ്ദേശ സ്ഥാപനങ്ങളിലായി എത്ര ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിൽ പ്രവർത്തനക്ഷമമായിട്ടുള്ളത് എത്ര; ക്യാമറകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക എത്ര; തദ്ദേശ സ്ഥാപനങ്ങളാണോ മറ്റ് ഏജൻസികളാണോ ഇതിനായി തുക ചെലവഴിച്ചത്; വിശദമാക്കാമോ; | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (ഇ) | ടൂറിസം കേന്ദ്രങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ ഇത്തരം ക്യാമറകൾ സ്ഥാപിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എത്ര ക്യാമറകൾ, എത്ര സ്ഥലങ്ങളിൽ ഇത്തരത്തിൽ സ്ഥാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | വിവരം ശേഖരിച്ച് നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ